2

# "വചനം ദൈവം ആയിരുന്നു"

## (1:1-13)

അടുത്ത സമയത്ത് *യു.എസ്സ്. ന്യൂസ് & വേൾഡ് റിപ്പോർട്ടിന്റെ* കവർ പേജിൽ, "ആരായിരുന്നു യേശു?" എന്ന ഒരു ചോദ്യം വന്നു. നാം "കർത്താവു" എന്നു വിളിക്കുന്നവനെ തിരിച്ചറിയുന്നതിനു പണ്ഡിതന്മാരുടെ ചില ചർച്ചയും അതിനകത്തുണ്ടായിരുന്നു:

> കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ പല വിധത്തിൽ, യേശുവിനെ ഒരു മൗലിക കാർഷികതത്വജ്ഞാനി, മതപരവും സാമൂഹ്യപരവും ആയ വിപ്ളവകാരി, മാന്ത്രികനും, രോഗശാന്തി നടത്തുന്നവനും ആയി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ക്രൂശിൽ നിന്നു രക്ഷപ്പെട്ട്, ഖുമ്റാനിലെ ചാവുകടൽ ചുരുളുകൾ എന്ന സമൂഹത്തിൽ ചെന്നു, രണ്ടു പ്രാവശ്യം വിവാഹിതനാകുകയും, മൂന്നു മക്കളുടെ പിതാവാകുകയും ചെയ്തു എന്നും പറഞ്ഞിട്ടുണ്ട്.[1]

ഇതുപോലെ ഒരു കവർ സ്റ്റോറി "യേശുവിന്റെ മരണം" എന്ന വിഷയത്തിൽ *ന്യൂസ്വീക്ക്* മാഗസീനിൽ 1994-ൽ വന്നു. "ജീസസ് സെമിനാർ" എന്നറിയപ്പെട്ട എഴുപത്തി - ഏഴു പണ്ഡിതന്മാരുടേതായിരുന്നു ഒരു ലേഖനം. യേശു ആരായിരുന്നു എന്നും അവൻ വാസ്തവത്തിൽ ചെയ്തത് എന്തായിരുന്നു എന്നും ഉള്ള അവരുടെ അഭിപ്രായങ്ങൾ ചർച്ച ചെയ്യുവാൻ അവർ വർഷത്തിൽ രണ്ടു പ്രാവശ്യം കൂടി വന്നിരുന്നു. അവർ ചെയ്തിരുന്ന ഒരു പ്രവൃത്തി, സുവിശേഷങ്ങളിലെ പ്രത്യക വേദഭാഗങ്ങൾ എടുത്ത് അവർ വോട്ടിടുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു. ഓരോരുത്തർക്കും നാലു ജപമാലകൾ നല്കും; വോട്ടിന്റെ സമയത്ത്, അവർ യോജിച്ചതായ ജപമാലയിടും. ആ വേദഭാഗത്തിൽ പറയുന്നത് യേശു വാസ്തവത്തിൽ പറഞ്ഞതോ ചെയ്തതോ ആണെന്നു വിശ്വസിക്കുന്നവർ ചുമപ്പ് മാലയിടണം. ആ വേദഭാഗം പറയുന്നത് യേശു പറഞ്ഞതിനോടും ചെയ്തതിനോടും അടുത്തിരിക്കുന്നു എന്നാണ് അവർ വിശ്വസിക്കുന്നതെങ്കിൽ അവർ പിങ്ക്

നിറത്തിലുള്ള ജപമാലയിടും. ചാര നിറത്തിലുള്ളത് സൂചിപ്പിക്കുന്നത്, അവർക്കു അതു യേശു പറഞ്ഞതും ചെയ്തതുമാണോ എന്നു സംശ യമാണ് എന്നും കറുപ്പു ജപമാലയാണെങ്കിൽ, അവിടെ പറയുന്നതു യേശു ചെയ്യുകയോ ചിന്തിക്കുക പോലുമോ ചെയ്തിട്ടില്ല എന്നു അവർക്കു തീർച്ചയുള്ളതായി സൂചിപ്പിക്കുന്നു. ആ "ജീസസ് സെമി നാർ" എന്നതിൽ അവർ എടുത്ത താഴെ കൊടുത്തിരിക്കുന്ന തീർപ്പ് ഞെട്ടിക്കുന്നതും, ഞാൻ വിചാരിക്കുന്നത് അതു ദൈവദൂഷണം ആണെ ന്നുമാണ്!

> സ്നേഹത്തോടെ ആളുകളെ കൈക്കൊള്ളുന്നതിലുടെ, രോഗശാന്തി നല്കുവാനുള്ള വരം അവനുണ്ടായിരുന്നു എന്നല്ലാതെ, യേശു അത്ഭുതം ഒന്നും ചെയ്തിട്ടില്ല എന്നാണ് ആ "ഹിസ്റ്റോറിക്കൽ" പറയു ന്നത്. അവൻ സമത്വവാദമുള്ള ദൈവരാജ്യമാണ് ആഹ്വാനം ചെയ്തത് - അല്ലാതെ ചില ന്യായവിധി ദിവസത്തെയല്ല, ഇപ്പോഴുള്ള കാര്യമാണ്. ആളുകൾ രാജ്യത്തിന്റെയോ ദൈവാലയത്തിന്റെയോ അധികാരികൾക്കു വിഘ്നം വരുത്താതെ അവർ ദൈവത്തോടു നേരിട്ടു ബന്ധപ്പെടുവാനാണ് അവൻ ആഗ്രഹിച്ചത്. അധികാരികൾ അവനെ, ഏതാണ്ടു സാധാരണ പോലെ, അവൻ പെസഹസമയത്ത് കുഴപ്പം ഉണ്ടാക്കിയതുകൊണ്ടു അവനെ തൂക്കിക്കൊന്നു. യേശുവിനെ അനുഗമിച്ചവരുടെ ഉള്ളിൽ അവൻ ജീവിച്ചു, അല്ലാതെ ഭൗതികമായി അവൻ ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രൂശിൽ നിന്നു അവന്റെ മൃതശരീരം ഇറക്കി ഒരു ആഴമില്ലാത്ത കല്ലറയിൽ ആയിരിക്കാം അടക്കിയത് - ശരീരം നായ്ക്കൾ ഭക്ഷിച്ചിരിക്കാം.[2]

യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള ചർച്ച ഇന്നു പണ്ഡിത ന്മാർക്കിടയിൽ മാത്രമല്ല, വീടുകളിലും, കാപ്പിക്കടയിലും, ലോകത്തിന്റെ നാലു കോണുകളിലും നടക്കുന്നുണ്ട്! ചിലർ അവൻ "ഒരു നല്ല മനു ഷ്യൻ" എന്നും വേറെ ചിലർ അവൻ "ജീവിച്ചിരുന്നവരിൽ ഏറ്റവും ബുദ്ധിമാൻ" എന്നും, വേറെ ചിലർ, "ശ്രദ്ധേയനായ ഗുരു" എന്നും പറയുന്നു. നസ്രേത്തുകാരനായ യേശു ആരായിരുന്നു എന്നതിനെകു റിച്ചു ലോകത്തിലെ മിക്ക ആളുകൾക്കും അഭിപ്രായങ്ങളുണ്ട്.

എന്താ, അപ്പോൾ പിന്നെ, നിങ്ങളും ഞാനും ഈ ചർച്ചകൾ എടു ക്കണോ? മുകളിൽ പറഞ്ഞ ന്യൂസ് മാഗസീനിൽ വന്ന ചർച്ചകളെ ഞാൻ ശക്തമായി ഖണ്ഡിക്കുകയും യേശുവിനെക്കുറിച്ചുള്ള ഇത്തരം പ്രചാരങ്ങളെക്കുറിച്ചും ഞാൻ ഉത്കണ്ഠാകുലനുമാണ്. അവൻ ഭൂമി യിൽ ജീവിച്ചു രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ആളുകൾ ചോദി ക്കുന്നതിൽ ഞാൻ ആകൃഷ്ടനായി, "ആ മനുഷ്യൻ ആരായിരുന്നു?" ആ ചോദ്യത്തിനു യോഹന്നാൻ ഉത്തരം നൽകുന്നു എന്നതാണ് നമു ക്കുള്ള സദ്വാർത്ത!

**വചനം (1:1-5)**

"ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെ

യായിരുന്നു, വചനം ദൈവം ആയിരുന്നു" (1:1). യേശുവിന്റെ ജനനത്തെക്കുറിച്ചോ, ബാല്യത്തെക്കുറിച്ചോ ഒന്നും യോഹന്നാൻ പറയുന്നില്ല. പകരം "ആദിയിൽ" എന്നു പറഞ്ഞുകൊണ്ടാണ് അവൻ ആരംഭിക്കുന്നത്. പഴയനിയമം പരിചയമുള്ളവർക്കു ആ വാക്കുകൾ ഉൽപത്തി 1:1 ന്റെ പ്രതിധ്വനിയാണെന്നു മനസിലാകും. "ആദിയിൽ" എന്നു പറഞ്ഞുകൊണ്ടു യേശുവിന്റെ വ്യക്തിത്വത്തെ വിശദീകരിക്കുവാൻ യോഹന്നാൻ ലോകം ഉണ്ടാകുന്നതിനു മുമ്പു, യേശു ഉണ്ടായിരുന്നു എന്നു സ്ഥിരീകരിച്ചു.

യേശുവിനെ പരിചയപ്പെടുത്തുവാൻ യോഹന്നാൻ ഉപയോഗിച്ച പദപ്രയോഗമാണ് "വചനം." വാക്യങ്ങൾ 14 മുതൽ 18 വരെ എത്തുന്നതുവരെ യോഹന്നാൻ അവനെ "വചനം" എന്നു പറയുന്നില്ലെങ്കിലും, വാക്യം 1-ൽ അവനെ വിശദമാക്കുന്ന പദപ്രയോഗം ഉണ്ട്. "വചനം" എന്ന വാക്ക് ഗ്രീക്കിൽ *ലോഗോസ്* ആണ്, അതിനു യെഹൂദന്മാർക്കും ജാതികൾക്കും വ്യത്യസ്ത അർത്ഥമാണുള്ളത്. സൃഷ്ടിക്കുകയും സർവ്വത്തെയും വഹിക്കുകയും ചെയ്തു പ്രവർത്തിക്കുന്ന ദൈവമായിട്ടാണ് യെഹൂദന്മാർ "വചനം" എന്നതു കാണുന്നത്. ഈ രീതിയിലാണ് "വചനം" ഉല്പത്തി 1 ലും 2 ലും യെശയ്യാവു 55:3, 11 ലും ഉപയോഗിച്ചിരിക്കുന്നത്. " 'വെളിച്ചം ഉണ്ടാകട്ടെ,' എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി" (ഉല്പത്തി 1:3) എന്നതു യെഹൂദന്മാർക്ക് ഓർമ്മയുണ്ട്. ദൈവവചനം തീർച്ചയായും ശക്തമാണ്!

ജാതികൾ "വചനം" എന്ന പദപ്രയോഗം കേട്ടപ്പോൾ വിചാരിച്ചത് ഗ്രീക്ക് തത്വചിന്തകന്മാർ അതു ഉപയോഗിച്ച അർത്ഥമാണ്. അവർ വിചാരിച്ചത് പ്രപഞ്ചത്തിനു അർത്ഥമുണ്ടാകുവാൻ കല്പന പുറപ്പെടുവിക്കുന്ന വ്യക്തിപരമല്ലാത്ത ഒരു ശക്തി എന്നാണ്. ഒരു വ്യാഖ്യാതാവു പറഞ്ഞതുപോലെ, മിക്ക ആളുകളും വിചാരിക്കുന്നത്, "വചനം" ഒരു "അണു സ്ഫോടനം" ആണെന്നാണ്.[3] അണു സ്ഫോടനത്തെ വിശദീകരിക്കുവാൻ നമുക്കു കഴിഞ്ഞെന്നു വരികയില്ല, എന്നാൽ അതിനെ ഗണ്യമാക്കുവാനും, ഭയപ്പെടുവാനും, അതിനെക്കുറിച്ചു സംസാരിക്കുവാനും നമുക്കറിയാം.

യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തുവാൻ "വചനം" എന്ന പദപ്രയോഗം നടത്തിയപ്പോൾ അതു യെഹൂദന്മാരെയും ജാതികളെയും ഒപ്പം അമ്പരപ്പിച്ചു. ദൈവേഷ്ടം എന്നു സൂചിപ്പിച്ചവനായ യേശു, പ്രപഞ്ചത്തിന്റെ സൃഷ്ടിതാവു, ജീവൻ മൊത്തത്തിലാവാഹിക്കുന്ന ശക്തിയുമാണ്. കൊലൊസ്യർ 1:15-17 പറയുന്നു,

> അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടിക്കും ആദ്യ - ജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ച്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ - സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു, അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു, അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു.

ആരെങ്കിലും "വചനം," എന്നു പറഞ്ഞു കേൾക്കുമ്പോൾ ആളുകൾ എന്തു വിചാരിച്ചാലും, യോഹന്നാൻ തന്റെ സുവിശേഷ എഴുത്തിൽ, താൻ വിവരിക്കുന്നവനെക്കുറിച്ചു ചില അവകാശങ്ങൾ ഉന്നയിക്കുന്നതായി ആരംഭത്തിൽ തിരിച്ചറിയുന്നു. തുടർന്നു, ഉടനെ യോഹന്നാൻ "വചനം ദൈവത്തോടുകൂടെ ആയിരുന്നു," "വചനം ദൈവം ആയിരുന്നു," "സകലവും അവൻ മുഖാന്തരം ഉളവായി," "അവനിൽ ജീവൻ ഉണ്ടായിരുന്നു" എന്നു പറയുന്നു (1:1-4). യേശു വലിയ ഉപദേഷ്ടാവ് എന്നോ, ബുദ്ധിമാൻ എന്നോ ആയിരുന്നില്ല യോഹന്നാൻ യേശുവിനെക്കുറിച്ചു പറഞ്ഞത്; യോഹന്നാൻ പറഞ്ഞത്, യേശു ദൈവം ആണെന്നും, അവനിൽ ദൈവസ്വഭാവം ഉണ്ടെന്നുമാണ്!

### ജീവന്റെ വെളിച്ചം (1:6-8)

ആദ്യ അഞ്ചു വാക്യങ്ങളിൽ അമ്പരപ്പിക്കുന്ന അവകാശങ്ങൾക്കു ശേഷം, അടുത്ത മൂന്നു വാക്യങ്ങളിൽ യോഹന്നാൻ സ്നാപകനെക്കുറിച്ചാണ് വിവരിക്കുന്നത്. നമ്മിലധികം പേരും യോഹന്നാൻ സ്നാപകനെക്കുറിച്ചു അവൻ ഏലിയാവു, യിരെമ്യാവു എന്നീ പ്രവാചകന്മാരെപോലെ ഒരു വലിയ പ്രവാചകനായി കണക്കാക്കുന്നുവെങ്കിലും, ഒന്നാം നൂറ്റാണ്ടിലെ ആളുകൾ അതിലും അധികം ആണെന്നു ധരിച്ചിരുന്നു. ചിലർ ക്രിസ്തുവായി തെറ്റിദ്ധരിച്ചിട്ടുമുണ്ട്! യോഹന്നാൻ സ്നാപകൻ അത്ര പ്രസിദ്ധനും അതിശക്തിയോടെ പ്രസംഗിക്കയും ചെയ്തു, ഒരിക്കൽ, "ഞാൻ ക്രിസ്തു അല്ല" എന്നു പോലും പ്രസ്താവിക്കയുണ്ടായി (1:20).

അത്തരം തെറ്റിദ്ധാരണ നിമിത്തം, ഈ സുവിശേഷ എഴുത്തുകാരൻ യോഹന്നാൻ സ്നാപകനെ പ്രത്യേകമായി യേശുവിന്റെ സാക്ഷിയായി പറയുന്നു, എങ്കിലും അവനെ യേശുവായി തെറ്റിദ്ധരിക്കരുത്: "അവൻ ധയോഹന്നാൻപ സാക്ഷ്യത്തിന്നായി താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന്നു വെളിച്ചത്തെക്കുറിച്ചുസാക്ഷ്യം പറവാൻ തന്നെ വന്നു. അവൻ വെളിച്ചം ആയിരുന്നില്ല, വെളിച്ചത്തിന്നു സാക്ഷ്യം പറയേണ്ടുന്നവനത്രേ" (യോഹന്നാൻ 1:7, 8). യോഹന്നാൻ സ്നാപകനെക്കുറിച്ചു ഇതു പറഞ്ഞുകൊണ്ടു, ആരും, യോഹന്നാൻ സ്നാപകൻ പോലും യേശു എന്താണോ അതിനടുത്തു പോലും എത്തുന്നില്ല എന്നാണ് യോഹന്നാൻ പറഞ്ഞത്! യേശു മാത്രമാണ് "വചനം."

### തള്ളിക്കളഞ്ഞവൻ (1:9-11)

യേശു തീർച്ചയായും ദൈവവചനം ആയിരുന്നെങ്കിൽ, ലോകം അവനെ എന്തുകൊണ്ടു തള്ളിക്കളഞ്ഞു? യോഹന്നാൻ ഇതിലേക്കു വിരൽചൂണ്ടി എഴുതുന്നു, "അവൻ ലോകത്തിലുണ്ടായിരുന്നു, ലോകം അവൻ മുഖാന്തരം ഉളവായി, ലോകമോ അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കു വന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" (1:10, 11). ലോകത്തിന്റെ സൃഷ്ടിതാവു താൻ സൃഷ്ടിച്ച ലോകത്താൽ ത്യജിക്കപ്പെട്ടു! ലോകം അവനെ തള്ളിക്കളഞ്ഞത് യോഹന്നാനെ അവന്റെ അവകാശത്തിൽ നിന്നു അവനെ പിന്തിരിപ്പിച്ചില്ല. ലോകം

അവനെ ത്യജിച്ചത്, യോഹന്നാൻ പറയുവാൻ കാരണം ലോകത്തിന്റെ അവസ്ഥ ബോധ്യമാക്കുവാനാണ്. യേശു "സത്യവെളിച്ചം" ആയി തുടരുന്നു (1:9), ഇരുട്ടുള്ള ലോകം അവനു പുറം തിരിഞ്ഞിട്ടു പോലും!

കഠിനാദ്ധ്വാനത്തിനു ശേഷം വീട്ടിലേക്കു മടങ്ങിവരുന്ന ഒരാളോടു ഉപമിക്കാവുന്നതാണ് സൃഷ്ടിച്ച ലോകം സൃഷ്ടികർത്താവിനെ തള്ളിക്കളഞ്ഞത്:

> പകലിലെ അദ്ധ്വാനത്താൽ അവൻ ക്ഷീണിതനായി, ജോലി തീർത്തു വീട്ടിലെത്തുവാൻ ബദ്ധപ്പെടുകയാണ്, വീടിനോടടുത്തപ്പോൾ, അവന്റെ കാലുകൾക്കു വേഗം കൂടി. അവൻ പോക്കറ്റിലെ താക്കോലിനായി തപ്പി നോക്കി, അതവിടെ ഇല്ലായിരുന്നു; എങ്ങനെയോ, എവിടെയോ അതു മറന്നുവെച്ചു. പക്ഷെ സാരമില്ല; വീട്ടിലേക്കാണല്ലോ പോകുന്നത്, വീട്ടുകാർ അവിടെ കാണുമല്ലോ എന്നുകരുതി വീട്ടിലെ മുൻവശത്തെ ബെല്ലമർത്തി. ഒന്നും സംഭവിക്കുന്നില്ല. ആരും അയാൾക്കു വേണ്ടി വാതിൽ തുറക്കുന്നില്ല. അവർ അകത്തുണ്ടെന്നു അയാൾക്കറിയാം. അയാൾ പുറത്തുണ്ടെന്നു അവർക്കറിയാം. അകത്ത് അല്പം മാറിക്കിടന്ന കർട്ടനിൽകൂടെ അകത്തേക്കു നോക്കി അകത്ത് അറിയുന്നവരെ കണ്ടു. അവർ അയാളെയും, പക്ഷെ അവർ അയാളെ പുറത്തു നില്പാൻ വിട്ടു.[4]

സ്നേഹിക്കുകയും പോറ്റി പുലർത്തുകയും ചെയ്യുന്ന കുടുംബത്തലവനെ ഈ വിധത്തിൽ അവഗണിക്കുകയും ത്യജിക്കുകയും ചെയ്യുന്നത് ഊഹിക്കാൻ പോലും സാധ്യമല്ല. എങ്ങനെയായാലും, യേശു ഈ ലോകത്തിലേക്കു വന്നപ്പോൾ അതു തന്നെയാണ് സംഭവിച്ചത്.

### മനുഷ്യന്റെ രക്ഷിതാവു (1:12, 13)

കയ്പ്പേറിയ ത്യജിക്കലോടുകൂടി യോഹന്നാൻ തന്റെ മുഖവുര അവസാനിപ്പിക്കുന്നില്ല. പകരം രക്ഷയുടെ പ്രത്യാശാകുറിപ്പോടെയാണ് അവസാനിപ്പിക്കുന്നത്. എല്ലാവരും യേശുവിനു പുറം തിരിഞ്ഞില്ല. ചിലർ, യോഹന്നാന്റെ ചില വായനക്കാരടക്കം നസ്രേത്തുകാരൻ ഗുരുവിനെ അനുഗമിക്കുന്നതു തിരഞ്ഞെടുത്തു. യോഹന്നാൻ പറഞ്ഞു, "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (1:12). അതുകൊണ്ടാണ് യോഹന്നാന്റെ സുവിശേഷം എഴുതിയത് ചിലർ കേൾക്കുകയും വിശ്വസിക്കുകയും (20:31), യേശുവിൽ വിശ്വസിക്കുന്നവർക്കു അവന്റെ നാമത്തിൽ ജീവൻ ലഭിക്കും!

### ഉപസംഹാരം

ആദിയിലെ "വചനം" നാം സംസാരിച്ചതുകൊണ്ടു, തിങ്കളാഴ്ച്ച മുതൽ നമ്മുടെ ജീവിതത്തിൽ വിവിധജോലിയിൽ നാം ഏർപ്പെടുമ്പോൾ എന്തെങ്കിലും വ്യത്യാസം നമ്മിലുണ്ടാകുമോ? തീർച്ചയായും ഉണ്ടാകും! യേശു വെറുമൊരു മനുഷ്യനല്ല. അവൻ വെറുമൊരു വലിയ

ഉപദേഷ്ടാവോ, വലിയ ബുദ്ധിയുള്ള പ്രവാചകനോ, ശക്തനായ നായകനോ അല്ലായിരുന്നു. അവൻ ദൈവം ആണ്! നാം അവനിൽ വിശ്വസിക്കുന്നു എങ്കിൽ, ഈ ലോകത്തിൽ മറ്റൊന്നും പ്രാധാന്യമുള്ളതല്ല എന്നു കാണും, അവനെ അറിയുന്നതിനേക്കാൾ മറ്റൊന്നും കാര്യമല്ല എന്നും തിരിച്ചറിയും.

അതാണ് യോഹന്നാന്റെ സുവിശേഷത്തിലെ യേശു, അല്ലാതെ പ്രചാരത്തിലുള്ള ആചാരങ്ങളിലെ വെള്ളം – ചേർത്തതല്ല, രക്ഷിക്കപ്പെടുവാൻ ക്ഷണിക്കുന്നവനെയാണ്. അവൻ വെറുമൊരു മനുഷ്യനാണെങ്കിൽ ആ ക്ഷണം വലിയ അർത്ഥം ജനിപ്പിക്കുന്നില്ല, അവൻ വലിയ ഒരു മഹാൻ ആയിരുന്നു എങ്കിലും ആ ക്ഷണം നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. അവൻ ദൈവവചനം ആകയാൽ അവന്റെ ക്ഷണം ആർക്കെങ്കിലും നിസാരമായി കാണാൻ കഴിയുമോ?

> അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവൻ രക്തത്തിൽനിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽനിന്നത്രേ ജനിച്ചത് (1:12, 13).

---

കുറിപ്പുകൾ

[1]ജെഫ്രി എൽ. ഷെലെർ, "യേശു ആരായിരുന്നു?" *യു.എസ്. ന്യൂസ് & വേൾഡ് റിപ്പോർട്ട്* (20 ഡിസംബർ 1993): 62. [2]റസ്സെൽ വാറ്റ്സൺ, "എ ലെസ്സർ ചൈൽഡ് ഓഫ് ഗോഡ്," *ന്യൂസ്വീക്ക്* (4 ഏപ്രിൽ 94): 53. [3]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. എഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1971), 116. [4]ലിയോൺ മോറിസ്, *എക്സ്പോസിറ്ററി റിഫ്ളക്ഷൻസ് ഓഫ് ദ ഗോസ്പ്പെൽ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1986), 11.

---

## പുസ്തകം എവിടെ ആരംഭിക്കുന്നു

യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത് പ്രാധാന്യത്തോടെയാണ്. ആദ്യം, അവൻ "ശാന്തമായി പുറം വാതിലിലൂടെ" കടക്കുകയായിരുന്നില്ല. വ്യാപാരികൾ വാസ്തവത്തിൽ ചെയ്യുന്നത് മറച്ചുപിടിക്കുവാൻ ശ്രമിക്കുന്നത് നമെല്ലാവരും കണ്ടിട്ടുണ്ട്. പലപ്പോഴും ഞങ്ങൾ വീട്ടിൽ അത്താഴത്തിനിരിക്കുമ്പോൾ ടെലഫോണിൽ കൂടെ ഫോൺ, ക്രെഡിറ്റ് കാർഡ്, അല്ലെങ്കിൽ ടൈം ഷെയർ എന്നിവ വില്ക്കുവാൻ വിളി വരാറുണ്ട്. (എന്റെ പേർ തെറ്റായി ഉച്ചരിച്ചുതുടങ്ങുമ്പോൾ തന്നെ അത് ഒരു വ്യാപാരിയാണെന്ന് ഞാൻ സാധാരണ പറയും!) അവർ വാസ്തവത്തിൽ പറയാൻ ആഗ്രഹിക്കുന്നത് പറയാതെ അതിനുചുറ്റും എത്ര വേണമെങ്കിലും സംസാരിക്കുവാൻ കഴിയുന്നത്

എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്, അത് എന്നെ ചിലത് പറയാൻ പ്രേരിപ്പിക്കുന്നു. ഈ ടെലഫോൺ വ്യാപാര നിയമത്തിന് വിരുദ്ധമായിട്ടാണ് യോഹന്നാൻ തന്റെ പുസ്തകം എഴുതി തുടങ്ങുന്നതെന്ന് നിങ്ങൾക്ക് കാണാം!

രണ്ടാമത്, യോഹന്നാൻ തുടങ്ങുന്നത് ആദ്യം എളുപ്പമുള്ള കാര്യങ്ങളും പിന്നീട് പ്രയാസമുള്ള കാര്യങ്ങളുമായിട്ടല്ല. ഓരോ ആഴ്ച്ചയിലും പേപ്പറിൽ **"**ബുക്ക് - ഓഫ് - ദ - മന്ത്**"** ക്ലബ്ബ് അല്ലെങ്കിൽ ഒരു **"**കാസെറ്റ് - ഓഫ് - ദ - മന്ത്**"** ക്ലബ്ബ്. വെറുതെ ഒപ്പിട്ടാൽ സൗജന്യമായി പത്തു പുസ്തകങ്ങളോ അല്ലെങ്കിൽ കാസെറ്റുകളോ പുതിയ അംഗങ്ങൾക്ക് ആകർഷണീയമായി നല്കുമെന്ന് അവർ പറയുന്നു. ഒരിക്കൽ സബ്സ്ക്രിപ്ഷൻ എടുത്തുകഴിഞ്ഞാൽ പിന്നീട് അത് കാൻസൽ ചെയ്യുവാൻ സാധ്യമല്ല എന്ന കാര്യം അവർ പരസ്യത്തിൽ പറയുകയില്ല! നമ്മെ വിഷമത്തിലാക്കുവാൻ **(**ഒരു ദീർഘ - കാല ഉടമ്പടി**)** അവർ വളരെ എളുപ്പത്തിൽ തുടങ്ങും **(**പത്ത് പുസ്തകങ്ങളോ അല്ലെങ്കിൽ കാസറ്റുകളോ**)**. യോഹന്നാൻ തന്റെ സുവിശേഷം ഈ രീതിയിലല്ല ആരംഭിക്കുന്നത്.

മൂന്നാമത്, യോഹന്നാൻ തന്റെ സുവിശേഷം സർവ്വലൗകികമായ ഉടമ്പടിയോടുകൂടി തുടങ്ങുകയും പിന്നീട് കൂടുതൽ വിശകലന വിഷയങ്ങളിലേക്ക് നീങ്ങുകയും ചെയ്തുകൊണ്ടല്ല പരിചയപ്പെടുത്തിയത്. ആളുകൾ എന്തു കേൾക്കണമെന്ന കാര്യത്തിൽ രാഷ്ട്രീയക്കാർ പലപ്പോഴും യജമാനന്മാരാണ്. അവർക്ക് അവരുടെ സദസ്യരെ മനസ്സിലാകുകയും അവർക്ക് പ്രസാധകരവും ആവേശകരവുമായി സംസാരിക്കുകയും ചെയ്യും. പിന്നീട്, മറ്റൊരു കൂട്ടത്തെ അഭിമുഖീകരിക്കുമ്പോൾ, അവർ തങ്ങളുടെ സന്ദേശങ്ങളെ മാറ്റി പുതിയ കേൾവിക്കാർക്ക് ഇമ്പകരമാക്കും. വിവാദം ആകാനിടയുള്ള കാര്യങ്ങൾ അവർ ഉപേക്ഷിക്കുകയോ, ചുരുങ്ങിയത്, മാറ്റിവയ്ക്കുകയോ ചെയ്യും. യോഹന്നാൻ, തന്റെ സുവിശേഷം ആരംഭിച്ചപ്പോൾ, അവനു ഒരു രാഷ്ട്രീയ തന്ത്രങ്ങളുമില്ലായിരുന്നു!

പകരം, യോഹന്നാന്റെ സുവിശേഷം വശത്തുകൂടെ നടന്ന്, ഹൃദയങ്ങളുടെ മുൻവാതിലുകളിൽ തട്ടുകയും ഏറ്റവും ആവശ്യമായ കാര്യങ്ങളെ എതിരിടുകയും ഒരിക്കലും കേട്ടിട്ടില്ലാത്ത ശക്തമായ സന്ദേശമാണ് കേൾക്കുവാൻ തുടങ്ങിയത്! ഭൂമികുലുക്കുന്ന പ്രഖ്യാപനത്തോടെ, യോഹന്നാൻ ആരംഭിക്കുന്നത് നാം നമുക്കുവേണ്ടിയെടുക്കണം!

© 2009 Truth for Today